# മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

കിഫ്ബി ധനസഹായത്തോടെ സർവകലാശാലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വിവിധ പദ്ധതികൾക്കായി ഭരണാനുമതിക്കുള്ള രൂപരേഖ തയ്യാറാക്കുന്നതിനായി M/s കിറ്റ്കോ എന്ന സ്ഥാപനത്തിന് കൺസൾട്ടൻസി ചാർജ്ജ് നൽകുന്നത് സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണവും വികസനവും III – സെക്ഷൻ**

നം. 6636/പി & ഡി-3/1/2017/ ഭരണവിഭാഗം തീയതി. പി.ഡി.ഹിൽസ് – 28.10.2017

---

പരാമർശം:-
1) യു.ഒ.നം. 3073/പി & ഡി-1/1/2017/ഭരണവിഭാഗം തീയതി. 23.05.2017.
2) 2017 മേയ് മാസം 26-ാം തീയതി കൂടിയ സിൻഡിക്കേറ്റ് ഉപസമിതി - ആസൂത്രണത്തിനും വികസനത്തിനും വേണ്ടിയുള്ള ഉപസമിതി നടപടി ക്രമങ്ങളുടെ ചുരുക്കം.
3) യു.ഒ.നം. 3393/പി & ഡി-3/1/2017/ഭരണവിഭാഗം തീയതി. 05.06.2017.
4) ജി.ഒ(ആർ.റ്റി)നം. 1278/2017/ഉ.വി.വ തീയതി. 06.07.2017.
5) ജി.ഒ. (പി) നം. 61/2017/ഫിനാൻസ് തീയതി. 09.05.2017.
6) കിറ്റ്കോയിൽ നിന്നും ലഭിച്ച കത്ത് നം. 3099:BP:RE:2017 തീയതി. 08.08.2017.
7) 31.08.2017 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് (ഇനം. നം. ഒ.എ. 5/17.11/172152).
8) യു.ഒ.നം. 5960/എ.എ5/ഫിൻ.4/1/2017-18 തീയതി 26.10.2017.

## ഉത്തരവ്

പരാമർശം (1) പ്രകാരം കേരള സംസ്ഥാന ഇൻഫ്രാസ്ട്രക്ചർ ഇൻവസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) ധനസഹായത്തോടുകൂടി സർവകലാശാലയിൽ നടപ്പാക്കുന്നതിനായി സർവകലാശാല പ്ലാനിങ്ങ് ബോർഡ് 350 കോടി രൂപയുടെ പദ്ധതികളുടെ കരട് അംഗീകരിച്ചിരുന്നു. ഇതിൽ നിന്നും താഴെ പറയുന്ന 240 കോടി രൂപയുടെ പദ്ധതികൾ അംഗീകരിക്കുവാനും പ്രസ്തുത പദ്ധതികളുടെ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ അംഗീകരിക്കുന്നതിനും പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിരുന്നു.

<u>പദ്ധതികൾ</u>

| | | |
|---|---|---|
| 1. | ആധുനിക പരീക്ഷണശാല കെട്ടിട സമുച്ചയം | - 40 കോടി രൂപ |
| 2. | ആധുനിക പരീക്ഷണശാല ഉപകരണങ്ങൾ | - 120 കോടി രൂപ |
| 3. | ശാസ്ത്ര പഠനവകുപ്പുകൾ ഒഴികെയുള്ള വകുപ്പുകളുടെ വികസനം | - 40 കോടി രൂപ |
| 4. | അന്തരാഷ്ട്ര അക്കാദമിക കെട്ടിട സമുച്ചയം | - 40 കോടി രൂപ |

മേൽ ശുപാർശ 1985-ലെ സർവകലാശാല ആക്ട് 3.10(17) വകുപ്പു പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിക്കുകയും പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

പരാമർശം (4) പ്രകാരം സംസ്ഥാനത്തെ വിവിധ സർവകലാശാലകളെ കിഫ്ബി ധനസഹായത്തോടെ അന്താരാഷ്ട്ര അക്കാദമിക നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികളുടെ 'പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റായി' കിറ്റ്കോയെ അംഗീകരിച്ചിട്ടുള്ളതും കെട്ടിട നിർമ്മാണത്തിന് (26-100) കോടി തുകയ്ക്ക് 3.75%, ലാന്റ് ഡെവലപ്മെന്റിന് 1.25% എന്നിങ്ങനെ സെന്റേജ് ചാർജ്ജ് പരാമർശം (5) പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ആയതിൻ പ്രകാരം ഈ തുക കിഫ്ബി അനുവദിക്കുന്ന തുകയിൽ നിന്ന് കിറ്റ്കോയ്ക്ക് നേരിട്ട് നൽകുന്നതാണ് എന്നും നിഷ്കർഷിച്ചിരിക്കുന്നു.

(മറുപുറം....)

എന്നാൽ ഭരണാനുമതിക്കായുള്ള രൂപരേഖ തയ്യാറാക്കുന്നതിനായി താഴെ പറയുന്ന പദ്ധതികളുടെ കൺസൾട്ടൻസി ചാർജ്ജായി വർക്ക് ഓർഡറിനോടൊപ്പം മുൻകൂറായി 7.5 ലക്ഷം രൂപയും ഡ്രാഫ്റ്റ് റിപ്പോർട്ട് സമർപ്പിക്കുമ്പോൾ 12.5 ലക്ഷം രൂപയും ഫൈനൽ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ 2.5 ലക്ഷം രൂപയും ആകെ 22.5 ലക്ഷം രൂപ (ജി.എസ്.ടി. കൂടാതെ) നൽകേണ്ടതാണ് എന്ന് പരാമർശം (6) പ്രകാരം M/s കിറ്റ്കോ ആവശ്യപ്പെട്ടിരുന്നു.

<u>നിർമ്മാണ പദ്ധതികൾ</u>

1. ആധുനിക ലബോറട്ടറി കെട്ടിട സമുച്ചയം (40 കോടി രൂപ).
2. അന്താരാഷ്ട്ര അക്കാദമിക കൺവെൻഷൻ സെന്റർ (40 കോടി രൂപ)
3. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിന്റെ വികസനം - നിർമ്മാണ പ്രവൃത്തി (4.52 കോടി രൂപ).
4. സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് & സോഷ്യൽ സയൻസസ് - റീജിയണൽ മ്യൂസിയം (4 കോടി രൂപ).

മേൽ പറഞ്ഞ, ഭരണാനുമതിക്കായുള്ള രൂപരേഖ തയ്യാറാക്കുന്നതിനുള്ള ചെലവ് സർവകലാശാല ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടി വരുന്നതാണ്.

ഭരണാനുമതിക്കായുള്ള രൂപരേഖ തയ്യാറാക്കുന്നതിനായി കിറ്റ്കോയിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. 31.08.2017 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് പരാമർശം (7) പ്രകാരം ഭരണാനുമതിക്കായുള്ള വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനായി 'കിറ്റ്കോ' സമർപ്പിച്ച പ്രൊപ്പോസലിൽ പറയുന്ന പദ്ധതികളുടെ കൺസൾട്ടൻസി ചാർജ്ജായി വർക്ക് ഓർഡറിനോടൊപ്പം മുൻകൂറായി 7.5 ലക്ഷം രൂപയും ഡ്രാഫ്റ്റ് റിപ്പോർട്ട് സമർപ്പിക്കുമ്പോൾ 12.5 ലക്ഷം രൂപയും, ഫൈനൽ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ 2.5 ലക്ഷം രൂപയും ആകെ 22.5 ലക്ഷം രൂപ (ജി.എസ്.ടി കൂടാതെ) അനുവദിക്കുന്നതിന് തീരുമാനിച്ചു.

പരാമർശം (8) പ്രകാരം പ്രസ്തുത തുക 2017-18 -ലെ സർവകലാശാല ബജറ്റിൽ പുതുതായി ഉൾപ്പെടുത്തിയ '23 730 97 (എക്സ്പെൻഡിച്ചേർ)' എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**

**തുളസീലാൽ ആർ.എൻ**

**ഡെപ്യൂട്ടി രജിസ്ട്രാർ (പി & ഡി)**

**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്:

1. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സനൽ അസിസ്റ്റന്റുമാർ
3. സർവകലാശാല എഞ്ചിനീയർ
4. ജോയിന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം)
5. ഫിനാൻസ് I,IV/ഓഡിറ്റ് I/ അക്കൗണ്ട്സ് V
6. എ.സി.സി. സെക്ഷൻ/എ.ഡി.ഡി. സെക്ഷൻ
7. ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി.
8. റെക്കോർഡ്സ് സെക്ഷൻ/ജനറൽ കാഷ്
9. സി.എം.സ്
10. എസ്.എഫ്/എഫ്.സി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

**ഫയൽ നം: പി & ഡി-3/2/7439/2017ഭരണവിഭാഗം**